ADFW/11730/2023-SB3

I/136043/2023

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.**

**(ഹാജർ: ബീന പി. എസ്.)**

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - 2023 വർഷത്തെ കൃഷി അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ പൊതു സ്ഥലം മാറ്റം - കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് - ഉത്തരവാകുന്നത് - സംബന്ധിച്ച്

പരാമർശം :- 1) 25.02.20217 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 03 / 2017/ ഉപഭവ
2) 27.02.2022 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 147 / 2022/Agri
3) ലെ ഈ കാര്യാലയത്തിലെ സർക്കുലർ നമ്പർ ADFW / 100 / 2023 - SA 2
05.11.2019 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1075 / 2019 / Agri.
4) 16.09.2023 ലെ കമ്മിറ്റിയുടെ മിനിട്സ്
18.09.2023 ലെ ഈ കാര്യാലയത്തിലെ ADFW / 100 / 2023 - SA 2
5) നമ്പർ ഉത്തരവ്
6)

**<u>ഉത്തരവ് നമ്പർ ADFW / 11730 / 2023 - SB 3 തീയതി . 12-10-2023</u>**

പരാമർശം 1, 2 ലെ സർക്കാർ ഉത്തരവുകൾ പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ പൊതുസ്ഥലം മാറ്റം സ്പാർക്ക് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം 3 ലെ സർക്കുലർ പ്രകാരം വകുപ്പിലെ വിവിധ തസ്തികകളിലെ ജീവനക്കാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ സ്പാർക്ക് മുഖേന ഓൺലൈനായി ക്ഷണിയ്ക്കുകയും, ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസ് മേധാവികൾക്കും പൊതുസ്ഥലം മാറ്റ അപേക്ഷകൾ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ സമർപ്പിയ്ക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. കൂടാതെ അനുകമ്പാർഹമായ കാരണങ്ങളാൽ സ്ഥലംമാറ്റം ലഭിയ്ക്കുന്നതിനായി അപേക്ഷ സമർപ്പിയ്ക്കുന്നവർ അപേക്ഷ ഓൺലൈനായി സമർപ്പിച്ച ശേഷം ടി ഓൺലൈൻ അപേക്ഷയുടെ ഹാർഡ് കോപ്പിയും, ബന്ധപ്പെട്ട മെഡിയ്ക്കൽ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും അതാത് ഡി.ഡി.ഒ. മുഖേന ഈ ഓഫീസിലേയ്ക്ക് 25.08.2023 വരെ സമർപ്പിയ്ക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. 2023 വർഷത്തെ പൊതുസ്ഥലം മാറ്റത്തിൽ അനുകമ്പാർഹ സ്ഥലമാറ്റത്തിന് അപേക്ഷിച്ചവരുടെ എലിജിബിലിറ്റി പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിലേയ്ക്ക് തിരുവനന്തപുരം ജനറൽ ഹോസ്പിറ്റലിലെ ജനറൽ മെഡിസിൻ വിഭാഗത്തിലെ ഡോക്ടർ ഉൾപ്പെടുന്ന പരാമർശം 4 പ്രകാരമുള്ള സർക്കാർ ഉത്തരവ് പ്രകാരം രൂപീകൃതമായ കമ്മിറ്റി 16.09.2023 ന് രാവിലെ 11 മണിയ്ക്ക് സീനിയർ അഡ്മിൻസ്ട്രേറ്റീവ് ഓഫീസറുടെ ചേമ്പറിൽ യോഗം ചേരുകയും പൊതു സ്ഥലം മാറ്റത്തിനുള്ള പൊതു മാനദണ്ഡങ്ങൾ നിഷ്കർഷിച്ചുകൊണ്ടുള്ള പരാമർശം 1 ലെ സർക്കാർ ഉത്തരവിലെ നാലാം ഖണ്ഡികയിലെ വ്യവസ്ഥകൾ പ്രകാരം അനുകമ്പാർഹ സ്ഥലമാറ്റത്തിന് അപേക്ഷിച്ചിട്ടുള്ള ജീവനക്കാരുടെ അപേക്ഷൾ വിശദമായി പരിശോധിച്ച് ബന്ധപ്പെട്ട രേഖകളുമായി ഒത്തുനോക്കി അർഹതയുള്ള ജീവനക്കാർക്ക് പരിഗണന നൽകി സ്ഥലം മാറ്റം നൽകുന്നതിന് ടി കമ്മിറ്റി തീരുമാനിയ്ക്കുകയും പരാമർശം 6 പ്രകാരം ഉത്തരവാകുകയും

I/136043/2023

ചെയ്തിട്ടുള്ളതാണ്.

മേൽ വിവരിച്ച സാഹചര്യത്തിൽ ബന്ധപ്പെട്ട മേലധികാരികളുടെ ശുപാർശയോടുകൂടി ഓൺലൈനായി ഈ കാര്യാലയത്തിൽ നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ ലഭിച്ച കൃഷി അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ 2023 വർഷത്തെ പൊതുസ്ഥലം മാറ്റ അപേക്ഷകളും, അനുകമ്പാർഹ പരിഗണനയ്ക്ക് അർഹമാണെന്ന് കമ്മിറ്റി തീരുമാനിച്ച അപേക്ഷകളും 'സ്പാർക്ക് മുഖേന പൊതുസ്ഥലം മാറ്റ മാനദണ്ഡങ്ങൾക്കനുസൃതമായി പ്രോസസ് ചെയ്ത് ലഭിച്ച ടി തസ്തികയിലെ 2023 വർഷത്തെ പൊതുസ്ഥലം മാറ്റത്തിന്റെ കരട് ലിസ്റ്റ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralaagriculture.in ൽ പ്രസിദ്ധീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ബന്ധപ്പെട്ട പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർമാർ / നിയന്ത്രണാധികാരികൾ / ഡി.ഡി.ഒ. മാർ കരട് ലിസ്റ്റ് പരിശോധിച്ച് തങ്ങളുടെ കീഴിൽ സേവനമനുഷ്ഠിയ്ക്കുന്ന ജീവനക്കാരുടെ നിലവിലെ ഔദ്യോഗിക മേൽ വിലാസത്തിൽ വ്യത്യാസമുണ്ടെങ്കിൽ ടി വിവരവും / ഒഴിവില്ലാത്ത ഓഫീസുകളിൽ / തസ്തികയിൽ നിയമനം നൽകിയിട്ടുണ്ടെങ്കിൽ ആ വിവരവും, മറ്റ് അപാകതകളുണ്ടെങ്കിൽ ആയതും ഈ ഓഫീസിൽ agrigeneraltransfer@gmail.com എന്ന മെയിൽ വിലാസത്തിൽ മാത്രം **'പൊതുസ്ഥലം മാറ്റം കരട് ലിസ്റ്റിലെ അപാകത'** എന്ന് വിഷയം രേഖപ്പെടുത്തി 13.10.2023 ന് വൈകുന്നേരം 5 മണിയ്ക്കകം അറിയിയ്ക്കേണ്ടതാണ്. ഈ വിഷയത്തിൽ ഫിസിക്കലായി ലഭിയ്ക്കുന്ന അപേക്ഷകൾ പരിഗണിയ്ക്കുന്നതല്ല.

ടി സമയപരിധിയ്ക്ക് ശേഷം ലഭിയ്ക്കുന്ന കരട് ലിസ്റ്റിന്മേലുള്ള അപേക്ഷകരുടെ പരാതികൾ / ആക്ഷേപങ്ങൾ എന്നിവ യാതൊരു കാരണവശാലും പരിഗണിയ്ക്കുന്നതല്ല.

(Sd/-)
BEENA P S
SENIOR ADMINISTRATIVE OFFICER

ARUN D.
Senior Superintendent
Directorate of Agriculture Development and Farmers' Welfare
Vikas Bhavan, Thiruvananthapuram-33

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർക്ക് (മേലധികാരി മുഖേന)

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും

എല്ലാ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും

കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയർ കോഴിക്കോട് / ആലപ്പുഴ

സ്റ്റേറ്റ് അഗ്രികൾച്ചറൽ എഞ്ചിനീയർ

പകർപ്പ്

ഐ.റ്റി. സെൽ, കൃഷി ഡയറക്ടറേറ്റ്